KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.232/PR/PIC/PHQ/18 Date :15.09.2018

**പ്രളയമേഖലയിൽ കുട്ടികൾക്ക് ആത്മവിശ്വാസം നല്കാൻ "ഹോപ്" പദ്ധതി**

പഠനത്തിൽ പിന്നാക്കം നില്കുന്ന കുട്ടികൾക്ക് ആത്മവിശ്വാസം നല്കി അവരുടെ പഠനമികവ് വർധിപ്പിക്കാനായുള്ള *ഹോപ്* പദ്ധതി പ്രളയമേഖലകൾക്ക് ഊന്നൽ നല്കി ഈ വർഷം നടപ്പാക്കും. പലകാരണങ്ങളാൽ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുകയോ, പത്താംക്ലാസ്സോ പ്ലസ് ടൂവോ വിജയകരമായി പൂർത്തീകരിക്കാൻ കഴിയാതെ വരികയോ ചെയ്ത കുട്ടികൾക്കായി കേരള പോലീസ് ആവിഷ്കരിച്ച *ഹോപ്* പദ്ധതി വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു വകുപ്പുകൾ എന്നിവയുടേയും പൊതുസമൂഹത്തിന്റെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

ആലപ്പുഴ, എറണാകുളം, കോട്ടയം തുടങ്ങിയ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി പ്ലസ്ടൂവിൽ പരാജയം സംഭവിച്ച 76 കുട്ടികളെ വിജയത്തിലേക്കെത്തിക്കാൻ സാധിച്ചിരുന്നു. കേരളത്തിൽ ഈയിടെ സംഭവിച്ച മഹാപ്രളയം രണ്ടുലക്ഷത്തോളം വരുന്ന കുട്ടികളെ ബാധിച്ച സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റികളുടേയും പോലീസിന്റേയും പൊതുസമൂഹത്തിന്റേയും മറ്റു വകുപ്പുകളുടേയും പങ്കാളിത്തത്തോടെ *ഹോപ്പ്* പദ്ധതി പ്രളയമേഖലകൾക്ക് ഊന്നൽ നൽകി ഈ വർഷം നടപ്പാക്കുന്നത്. പ്രളയബാധിത മേഖലയിലെ കുട്ടികളുടെ മാനസികാരോഗ്യ, സാമൂഹ്യ ആവശ്യങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി ആവശ്യമായ പിന്തുണ നല്കുക, പഠനോപകരണങ്ങൾ സമാഹരിക്കുക, പ്രളയാനന്തരം മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളെ സഹായിക്കുന്നതിനായി സുമനസ്സുകളായ മെൻഡർമാരെ കണ്ടെത്തുക തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പാക്കും. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പഞ്ചായത്തുകളേയും മുൻസിപ്പാലിറ്റികളേയും കണ്ടെത്തിയായിരിക്കും പദ്ധതി നടപ്പിലാക്കുക. കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ഏജൻസിയായ യൂണിസെഫ് പദ്ധതിയ്ക്ക് ആവശ്യമായ പിന്തുണ നൽകും.

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ, തദ്ദേശസ്വയംഭരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി ടി.കെ ജോസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. പ്രശ്ത ചൈൽഡ് സൈക്യാട്രിസ്റ്റുമാർ, സൈക്കോളജിസ്റ്റുമാർ, വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധർ, പോലീസ് ഓഫീസർമാർ, സാമൂഹിക പ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ളവർ പങ്കെടുത്ത് *ഹോപ്പ്* പദ്ധതിയ്ക്ക് ആവശ്യമായ രൂപകൽപ്പന നൽകി. എ.ഡി.ജി.പി. എസ്. ആനന്ദകൃഷ്ണൻ, *ഹോപ്പ്* പദ്ധതിയുടെ ചുമതലയുള്ള ഐ.ജി പി. വിജയൻ, ഐ.ജി. ദിനേന്ദ്ര കശ്യപ്, ഡി.ഐ.ജി. കെ.സേതുരാമൻ, വനിത ബറ്റാലിയൻ കമാൻഡന്റ് ആർ. നിശാന്തിനി, യൂണിസെഫ് ചൈൽഡ് പ്രൊട്ടക്ഷൻ സ്പെഷ്യലിസ്റ്റ് കുമരേശൻ എന്നിവർ ശില്പശാലയിൽ പങ്കെടുത്തു.

************